# കേരള സർക്കാർ

നമ്പർ. 142/ആർ.ഡി.3/15/തസ്വഭവ

തദ്ദേശസ്വയം ഭരണ (ആർ.ഡി) വകുപ്പ്,
തിരുവനന്തപുരം, തീയതി. 16 /12/2015.

## സർക്കുലർ

വിഷയം - തദ്ദേശ സ്വയംഭരണ വകുപ്പ് - ജനന സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേര് ഡി. എൻ. എ.റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ അനുമതി - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന . 31-05-2013-ലെ 50817/ആർ.ഡി3/2012/തസ്വഭവ നമ്പർ സർക്കുലർ

2. മലപ്പുറം നഗരസഭാ ജനന മരണ രജിസ്ട്രാറുടെ 6-12-2014 തീയതിയിലെ 14238/2014 നമ്പർ കത്ത് .
3. ചീഫ് ജനന മരണ രജിസ്ട്രാറുടെ 30-12-2014 ലെ ബി1/48334/14 നമ്പർ കത്ത്.

ഡി.എൻ.എ ടെസ്റ്റിലൂടെ പിതൃത്വം തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ജനന സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേര് തിരുത്തി നല്കാവുന്നതാണോ എന്നത് സംബന്ധിച്ച് മലപ്പുറം നഗരസഭാ ജനന മരണ രജിസ്ട്രാർ സൂചന 2 പ്രകാരം അപേക്ഷിച്ചിരിക്കുന്നു.ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ജനന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിതാവിന്റെ പേര് രേഖപ്പെടുത്തുകയും പിന്നീട് ആയത് തിരുത്തുകയും ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയില്ല എന്നാൽ ഇത്തരത്തിൽ നിരവധി അപേക്ഷകൾ ലഭിക്കുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് വ്യക്തമായ സ്പഷ്ടീകരണം നല്കണമെന്ന് ചീഫ് ജനന മരണ രജിസ്ട്രാർ സൂചന 3 പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

1969- ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15 പ്രകാരം രജിസ്ട്രാർ സൂക്ഷിച്ചിട്ടുള്ള ജനന മരണ രജിസ്റ്ററിൽ രജിസ്ട്രാർക്ക് ശരിയാണെന്ന് ഉത്തമ വിശ്വാസമുള്ള തിരുത്തലുകളും റദ്ദാക്കലുകളും നടത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തെറ്റായ വിവരങ്ങൾ തിരുത്തുന്നത് സംബന്ധിച്ച് സൂചന 1 പ്രകാരം സർക്കാർ പുറപ്പെടുവിച്ച സർക്കുലറിൽ ഡി.എൻ.എ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിതാവിന്റെ പേരിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പരാമർശിച്ചിട്ടില്ല ഇത്തരം സംഗതികളിൽ ഒരു പരിഹാരമാർഗ്ഗം കാണേണ്ടത് അത്യാവശ്യമായിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ജനന സർട്ടിഫിക്കറ്റ് , ഡി . എൻ . എ ബയോളജിക്കൽ ഇൻഫർമേഷൻ , സർക്കാർ അംഗീകൃത ലബോറട്ടറി റിപ്പോർട്ട് , നോട്ടറി മുഖാന്തിരം കരാർപത്രം , കോടതി വിധിയുടെ പകർപ്പ്, പ്രസവം നടന്ന ഹോസ്പിറ്റൽ അധികാരികളുടെ ഗൈനക് രേഖയുടെ

സാക്ഷ്യപ്പെട്ടുത്തിയ പകർപ്പും റിപ്പോർട്ടും എന്നീ തെളിവുകൾ സഹിതം കുട്ടിയുടെ മാതാവ് /ഡി.എൻ.എ ടെസ്റ്റിലൂടെ പിതൃത്വം തെളിയിച്ച പിതാവ് എന്നിവർ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുന്ന സംഗതികളിൽ രജിസ്ട്രാർ അന്വേഷിച്ച് ബോധ്യപ്പെട്ട് ആവശ്യമായ തിരുത്തൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാനഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവൻമാർ മുഖേന)
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ(പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും.
7. ഡയറക്ടർ, പൊതുജന-വിവര സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിയ്ക്ക്).
8. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റും സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

പകർപ്പ്:-

1 ബഹു.പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2 ബഹു.നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3 തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
4 കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ